സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം പൂരക്കളിയിൽ ഒന്നാം സ്ഥാനം നേടിയ കാസർകോട് ചെറുവത്തൂർ ജിഎഫ്‌വിഎച്ച്എസ്എസ് ടീം.

കണ്ണൂരിലേക്ക്

മലയാള മനോരമ

കണ്ണൂർ, ജനുവരി 19 വ്യാഴം

സംസ്ഥാന സ്കൂൾ കലോത്സവം 2017

കലോൽസവം സമഗ്രചിത്രം
● www.manoramaonline.com/kalolsavam

'കണ്ണോരം' പേജിലും കലോത്സവത്തിനും ആശംസകളേകി ഗാനരചയിതാവ് രാജീവ് ആലുങ്കൽ മനോരമയ്ക്കായി എഴുതിയ കവിത.

കണ്ണൂരിൻ തെയ്യച്ചന്തം
നെഞ്ചിൽ തുടികൊട്ടി
കണ്ണോരം കവിതകവിഞ്ഞൊരു
കളിദീപം കാട്ടി
കൗമാരം കാൽത്തള കെട്ടിയ
കൈത്തറിയുടെ നാട്ടിൽ

കടലോളം കനിവു പുരട്ടിയ
സ്നേഹത്തിറയാടി
കണിവയ്ക്കാനെത്തിയ കലയുടെ
കുഞ്ഞുകിനാപ്പൂക്കൾ
കുളിരോലും മലയാളത്തിൽ
കൊഞ്ചും ശ്രുതി മീട്ടി.

ഗോപിത ഇന്ന് അരങ്ങിൽ; നാടിന്റെ സ്നേഹവും

കണ്ണൂർ ● അരങ്ങിൽ ഭാവങ്ങൾ മിന്നിമറയുമ്പോൾ ആ ദുഃഖം ഭദ്രമായി ഒളിപ്പിക്കാൻ ഗോപിതയ്ക്ക് എളുപ്പമായിരുന്നു. സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കാനാവുമെന്നു ഗോപിത നിനച്ചതല്ല. കോട്ടയം വാഴൂർ എസ്‌വിആർവി എൻഎസ്എസിലെ ഒൻപതാംക്ലാസുകാരി ഗോപിത ഇന്ന് എച്ച്എസ് വിഭാഗം ഭരതനാട്യ വേദിയിൽ ചുവടുവയ്ക്കുമ്പോൾ നാടിന്റെ സ്നേഹമാവും അവൾ മുന്നിൽ കാണാതെ കാണുക.

16 വർഷത്തിനു ശേഷം തങ്ങളുടെ സ്കൂളിൽ നിന്നൊരാൾ സംസ്ഥാന കലോത്സവ വേദിയിലെത്തണമെന്ന അധ്യാപകരുടെയും പൂർവ വിദ്യാർഥികളുടെയും ആഗ്രഹം തുണനിന്നതു കൊണ്ടാണ് ഗോപിത കണ്ണൂരിലെത്തിയത്. രണ്ടു ദിവസം കൊണ്ട് 15,000 രൂപയാണ് അവർ സ്വരുക്കൂട്ടി നൽകിയത്. പെയിന്റിങ് തൊഴിലാളി കീഴൂർ തീർഥപാദപുരത്തെ ഗോപകുമാറിന്റെയും മായയുടെയും മൂന്നു പെൺമക്കളിൽ മൂത്തവളാണ് ഗോപിത.

അപ്പീലിനെ പിടിച്ചുകെട്ടാൻ കലയ്ക്കും നിയമം

സ്കൂൾ കലോത്സവത്തിന്റെ താളം തെറ്റിക്കുന്ന അപ്പീൽപ്രളയം നിയന്ത്രിക്കാൻ നിയമഭേദഗതി വരുന്നു. നിയമാവലിയിൽ മാറ്റങ്ങൾ വരും. ജില്ലാ കലോത്സവ ഫലത്തെ കുറിച്ചുള്ള പരാതികളിൽ തീർപ്പുണ്ടാക്കാൻ ഹൈക്കോടതിയെ മാത്രം സമീപിക്കാവുന്ന തരത്തിലാവും ഭേദഗതി.

പങ്കെടുക്കാവുന്നത്

ജില്ലാ കലോത്സവ വിജയികളായ **14** പേർക്ക്

ഇത്തവണ

അപ്പീലുമായി എത്തിയവർ ഉൾപ്പെടെ ഹയർസെക്കൻഡറി പെൺകുട്ടികളുടെ ഭരതനാട്യത്തിൽ **51** പേർ.

കോടതികൾ, ലോകായുക്ത, ബാലാവകാശ കമ്മിഷൻ എന്നിവിടങ്ങളിൽ നിന്നുള്ള അപ്പീലുകളുമായും വിദ്യാർഥികൾ എത്തുന്നു.

പുലരുവോളം

ചൊവ്വ വൈകിട്ട് തുടങ്ങിയ മത്സരം അവസാനിച്ചത് ഇന്നലെ പുലർച്ചെ ഏഴരയ്ക്ക്. കൃത്യനേരത്തു തീരാറുള്ള കഥാപ്രസംഗമത്സരവും പുലർച്ചെ വരെ നീണ്ടു.

കെട്ടുപൊട്ടിച്ച് അപ്പീൽ

ജില്ലകളിൽ 2973 അപ്പീലുകൾ ലഭിച്ചപ്പോൾ 532 എണ്ണം അനുവദിച്ചു. തൃശൂർ (82), കോഴിക്കോട് (67), വയനാട് (61) ജില്ലകളിൽ നിന്നാണ് കൂടുതൽ അപ്പീലുകൾ അനുവദിച്ചത്. കണ്ണൂർ ഉൾപ്പെടെയുള്ള ജില്ലകളിൽ അപ്പീലുകൾ കൂട്ടത്തോടെ തള്ളിയതോടെയാണ് കുട്ടികൾ കോടതികളെ സമീപിച്ചത്. കഴിഞ്ഞ വർഷം ആകെ എത്തിയത് 849 അപ്പീലുകൾ. സംസ്ഥാന കലോത്സവത്തിലെ വിധിനിർണയത്തിനെതിരെ 30 ഹയർ അപ്പീലുകളെത്തി. വിദഗ്ധ സമിതിയുടെ പരിശോധനയ്ക്കു ശേഷം ഇതിൽ നാലെണ്ണത്തിൽ അനുകൂലതീരുമാനമായി.

ആകെ അപ്പീൽ 863
അധികം എത്തുന്ന കുട്ടികൾ 3389

ഹയർസെക്കൻഡറി വിഭാഗം പെൺകുട്ടികളുടെ ഭരതനാട്യം ഒന്നാം സ്ഥാനം; പാലാ സെന്റ് മേരീസ് ജിഎച്ച്എസ്എസിലെ എൻ.എസ്. ശ്രീരഞ്ജിനി.

'മേഖലാ മത്സരം പരിഗണനയിൽ'

സംസ്ഥാന കലോത്സവം മൂന്നു മേഖലകളായി നടത്തണമെന്ന നിർദേശം സർക്കാർ പരിഗണിക്കുമെന്നു പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ.വി.മോഹൻകുമാർ. മേഖലാ മത്സര വിജയികളെ മാത്രം സംസ്ഥാന കലോത്സവത്തിൽ പങ്കെടുപ്പിക്കുകയെന്നതാണു നിർദേശം. ഗ്രേസ് മാർക്ക് ഉന്നതപഠനത്തിനുള്ള പ്രവേശനത്തിനു മാത്രമായി നിയന്ത്രിക്കണമെന്ന നിർദേശവും പരിഗണിക്കും. പൊതുപരീക്ഷകളിലെ മാർക്കിനൊപ്പം ഗ്രേസ് മാർക്ക് ചേർക്കുന്നതാണ് അപ്പീൽ വർധനയ്ക്കു കാരണം.

ഇക്കാര്യങ്ങളിൽ അധ്യാപക, വിദ്യാർഥി സംഘടനകളുമായും വിദഗ്ധരുമായും ചർച്ച നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

ഉത്തരവും നിയമാവലിയും രണ്ടു വഴിയേ

കലോത്സവ നിയമാവലിക്കു വിരുദ്ധമായ നിർദേശങ്ങൾ ലോകായുക്ത ഉത്തരവുകളിൽ ഉണ്ടെന്നു സംഘാടകർക്കെന്നല്ല രക്ഷിതാക്കൾക്കും പരാതിയുണ്ട്. അപ്പീൽ വഴി മത്സരിക്കാൻ എത്തുന്നവർ 5000 രൂപ കെട്ടിവയ്ക്കണമെന്നാണു നിയമം.

ജില്ലാതല വിജയിയേക്കാൾ കൂടുതൽ മാർക്ക് ലഭിച്ചാൽ മാത്രം തുക തിരിച്ചുനൽകും. എന്നാൽ, ലോകായുക്ത ഉത്തരവിൽ ചിലരോട് 10,000 രൂപയും ചിലരോട് 7500 രൂപയും നൽകാൻ ആവശ്യപ്പെട്ടു. ചിലരിൽ നിന്നു പണം സ്വീകരിക്കരുതെന്നും ഉത്തരവുണ്ട്. നിയമാവലിയോ ഉത്തരവോ പാലിക്കേണ്ടതെന്ന് അറിയാതെ അധികൃതർ കുഴങ്ങി. അവസാനനിമിഷം ഉത്തരവു ലഭിച്ചവർ പെട്ടെന്നു പണം കണ്ടെത്താൻ പാടുപെട്ടു.

മലയാളം ഇതാ തെളിമയോടെ...

രചനയുടെ ലോകത്തേക്ക് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ നിന്നു നാലു പ്രതിഭകൾ. ഹൈസ്കൂൾ വിഭാഗം മലയാളം രചനാമത്സരങ്ങളിലും പ്രസംഗത്തിലും ഒന്നാമതെത്തിയവർ ഇഷ്ടങ്ങളും സ്വപ്നങ്ങളും പങ്കുവയ്ക്കുന്നു.

കവിതാരചന

എ.അഞ്ജിത
(ഗവ. വിഎച്ച്എസ്എസ്, എടയന്നൂർ, കണ്ണൂർ)

- ഇഷ്ടകവി: സുഗതകുമാരി
- ഇഷ്ടകവിത: സുഗതകുമാരിയുടെ തെംസ് നദീ വീണ്ടും
- ഇഷ്ടപ്പെട്ട പുസ്തകം: യു.കെ.കുമാരന്റെ 'തക്ഷൻകുന്ന് സ്വരൂപം'
- ഇഷ്ടം: ഗദ്യകവിതകളോട്.
- ആഗ്രഹം: സിവിൽ സർവീസ് നേടണം. ഫ്രീലാൻസ് ഫോട്ടോഗ്രഫർ, റേഡിയോ ജോക്കി എന്നീ ജോലികളിലും താൽപര്യം.

കഥാരചന

സ്നേഹ അശോക്
(വിക്ടറി ഗേൾസ് എച്ച്എസ്എസ്, നേമം, തിരുവനന്തപുരം)

- ഇഷ്ട കഥാകൃത്ത്: കാരൂർ നീലകണ്ഠപ്പിള്ള
- ഇഷ്ടപ്പെട്ട പുസ്തകം: കെ.ആർ.മീരയുടെ 'ആരാച്ചാർ'
- മനസ്സിൽ തട്ടിയ രംഗം: അശോകൻ ചരുവിലിന്റെ 'പ്രാതൽ' കഥയിൽ ബാലവേല ചെയ്യുന്ന കുട്ടിയുടെ ഇരുമ്പുപെട്ടിയിൽനിന്നു മഞ്ചാടിക്കുരുവും മഷിക്കുപ്പിയും മയിൽപ്പീലിയും കണ്ടെടുക്കുന്ന രംഗം.
- ആഗ്രഹം: ഡോക്ടർ ആവാൻ.

ഉപന്യാസം

പി.എസ്.ദീപേന്ദു
(ജിഎച്ച്എസ്എസ്, ഉദിനൂർ, കാസർകോട്)

- ഇഷ്ട എഴുത്തുകാരൻ: എം.ടി.വാസുദേവൻ നായർ
- ഇഷ്ട പുസ്തകം: ശരൺകുമാർ ലിംബാലെയുടെ 'അക്കർമാശി'.
- ഇഷ്ടം: നോവലുകൾ വായിക്കാൻ, കണക്ക് പഠിക്കാൻ
- മനസ്സിൽ തട്ടിയ രംഗം: 'അക്കർമാശി' എന്ന പുസ്തകത്തിൽ അയൽ സംസ്ഥാനങ്ങളിൽ ദലിതർ അനുഭവിക്കുന്ന പീഡനങ്ങൾ.
- ആഗ്രഹം: സിവിൽ സർവീസ് നേടുക, പുരാവസ്തു ഗവേഷണം നടത്തുക.

പ്രസംഗം

സി.എം.നന്ദന (ഗവ. വിക്ടോറിയ ജിഎച്ച്എസ്എസ്, ചിറ്റൂർ, പാലക്കാട്)

- ഇഷ്ട പ്രസംഗകൻ: ഡോ. സുകുമാർ അഴീക്കോട്.
- ഇഷ്ടപുസ്തകം: എംടിയുടെ രണ്ടാമൂഴം.
- മത്സരത്തിൽ പ്രസംഗിച്ച വിഷയം: അനാഥമാക്കപ്പെടുന്ന ജീവിതങ്ങൾ.
- ആഗ്രഹം: പത്രപ്രവർത്തനം.

വേദിയിൽ ഇനി സൂര്യൻ

ഭരതനാട്യ മൽസരം അവസാനിച്ചതു നേരം പുലർന്നപ്പോൾ. കണ്ണിമ ചിമ്മാതെ വിധികർത്താക്കൾ. കണ്ണൂർ ജവാഹർ സ്റ്റേഡിയത്തിലെ വേദിയിൽനിന്നുള്ള കാഴ്ച.

മനോരമ-എയ്റോസിസ് പ്രതിഭാ പുരസ്കാരത്തിലേക്ക് ജിക്കി, ആരതി, ഓസ്റ്റിൻ

കണ്ണൂർ ● സംസ്ഥാന സ്കൂൾ കലോത്സവത്തിൽ അസാധാരണമികവു പുലർത്തുന്ന കുട്ടികൾക്കായി മലയാള മനോരമ, കണ്ണൂർ എയ്റോസിസ് കോളജ് ഓഫ് ഏവിയേഷൻ ആൻഡ് മാനേജ്മെന്റ് സ്റ്റഡീസിന്റെ സഹകരണത്തോടെ നൽകുന്ന പ്രതിഭാ പുരസ്കാരം മൂന്നുപേർക്കുകൂടി.

കൊല്ലം പൂയപ്പള്ളി ഗവ. ഹൈസ്കൂളിലെ ജിക്കി സാമുവൽ, തിരുവനന്തപുരം ഭരതന്നൂർ ജിവിഎച്ച്എസ്എസിലെ എസ്.എം.ആരതി, മലപ്പുറം എംഎസ്പി എച്ച്എസ്എസിലെ ഓസ്റ്റിൻ റോയ് എന്നിവർക്കാണ് ഒരു പവൻ വീതം പുരസ്കാരം.

വർക്ഷോപ്പ് ജീവനക്കാരന്റെ മകനായ ജിക്കി ചിത്രരചനാ മൽസരങ്ങളിൽ നിന്നുള്ള സമ്മാനത്തുക ഉപയോഗിച്ചാണു ചിത്രകല മുന്നോട്ടു കൊണ്ടുപോവുന്നത്. മറ്റു കുട്ടികളെ നൃത്തം പഠിപ്പിച്ച് ആരതി നൃത്തമൽസരങ്ങൾക്കു പണം കണ്ടെത്തുന്നു. നിർമാണ തൊഴിലാളിയുടെ മകനായ ഓസ്റ്റിൻ മൂന്നിനങ്ങളിൽ അരങ്ങിലെത്തും.

AIROCIS COLLEGE OF AVIATION & MANAGEMENT STUDIES

ഇതു നല്ല കൂത്ത്

14 പേർ മൽസരിക്കേണ്ട ഭരതനാട്യത്തിന് എത്തിയത് 51 പേർ.

..തിത്തരികിട 'തരികിട' തോം...

യദുവിന്റെ സമ്മാനം നോവും മനസ്സുകൾക്ക്

കണ്ണൂർ● കാത്തിരുന്നു കിട്ടിയ സമ്മാനം യദുലാൽ കൈമാറിയതു കാരുണ്യ ചികിൽസയ്ക്ക്. സംസ്കൃത ഗാനാലാപന മൽസരത്തിൽ ഒന്നാം സ്ഥാനം നേടിയ മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂൾ ഒൻപതാം ക്ലാസ് വിദ്യാർഥി യദുലാലിനു നോവും മനസ്സുകളെ മറന്നൊരു സമ്മാനമില്ല.

സാന്ത്വന പരിചരണ സംഘമായ ഐആർപിസിക്കു നൽകിയതു 2,000 രൂപ. യദുലാൽ മന്ത്രി സി.രവീന്ദ്രനാഥിനു ചെക്ക് കൈമാറി. ചാവശേരിപ്പറമ്പ് കെ.വി.ഷാജിയുടെയും ജ്യോതിഷ്മതിയുടെയും മകനാണു യദു.

ദ്രുപത് എന്ന കാവ്യരാഗം



കണ്ണൂർ ● പറയുന്തോറും കേൾക്കുന്തോറും മധുരിക്കുന്ന പേരായി ദ്രുപത് ഗൗതം മാറുകയാണ്. ഹയർ സെക്കൻഡറി വിഭാഗം കവിതാ രചന മത്സരത്തിൽ ഒന്നാം സമ്മാനം നേടിയത് ദ്രുപതിന്റെ 'ഒറ്റ വെട്ടിനു തിരകൾ നീക്കിയ കടൽ' എന്ന കവിത.

വയനാട് മീനങ്ങാടി ഗവ. ഹയർ സെക്കൻഡറി സ്കൂൾ പ്ലസ് വൺ വിദ്യാർഥിയാണ് ദ്രുപത്. എസ്എസ്എൽസിക്കു പഠിക്കുമ്പോൾ സംസ്ഥാന കലോത്സവത്തിൽ കവിതാ രചനയ്ക്കു രണ്ടാംസ്ഥാനം നേടി.

സർക്കാർ ഉദ്യോഗസ്ഥനായ സുൽത്താൻ ബത്തേരി കൂപ്പാടി മണ്ണാർകുടി ജയന്റേയും അധ്യാപിക മിനി ഭാസ്കറിന്റേയും മകൻ. ഉപജില്ലാ തലത്തിൽ കവിതാരചനയിൽ ദ്രുപത് ഏഴാമതായിരുന്നു.

● ദ്രുപതിന്റെ കവിതയിലെ ആദ്യഭാഗം

'ഒരു ചാട്ടംകൊണ്ട്
ഒന്നുമാകാതെ
തീ കോരിക്കൊണ്ട്
നടക്കുന്നവരുണ്ട്
സതി പോലെ
ഒരനുഷ്ഠാനമായാണ്
അതിന്റെ ജീവിതം...'

● കവിത വായിക്കാൻ കിട്ടിയാലാരുടേത്?

കുമാരനാശാൻ, കുഞ്ചൻ നമ്പ്യാർ പിന്നെ പി.പി.രാമചന്ദ്രൻ, പി.രാമൻ, വീരാൻകുട്ടി.

● മോഹം?

അധ്യാപകനായ കവിയാകണം.

● അച്ഛൻ കവിയും വിമർശകനും

അച്ഛനാണു ദ്രുപതിന്റെ വിമർശകൻ. വിമർശനം ഭയന്നു ദ്രുപത് തന്നെ കാണിക്കാതെ കവിതകൾ ഒളിപ്പിച്ചുവയ്ക്കാറുണ്ടെന്ന് അച്ഛൻ ജയൻ.

'ഞാൻ വൃത്തത്തിൽ കവിതയെഴുതിയിരുന്നു. അവനെഴുതുന്നത് ഗദ്യത്തിലും.

എഴുത്ത്: **മഹേഷ് ഗുപ്തൻ, സന്തോഷ് ജോൺ തൂവൽ, ഗായത്രി ജയരാജ്, കെ.പി.സഫീന, ശരത് വംശ, എം.എ.അനൂജ്, റൂബിൻ ജോസഫ്, ടി.ബി.ലാൽ, മുസ്തഫ കൂടല്ലൂർ, സന്ദീപ് ചന്ദ്രൻ, സാബു ടി.ജോൺ**

ചിത്രങ്ങൾ: **രാജൻ എം.തോമസ്, ജോസ്കുട്ടി പനയ്ക്കൽ, റസൽ ഷാഹുൽ, അരുൺ ജോൺ, സജീഷ് ശങ്കർ, റിങ്കുരാജ് മട്ടാഞ്ചേരിയിൽ, ധനേഷ് അശോകൻ, ഫഹദ് മുനീർ, എം.ടി.വിധുരാജ്, അരവിന്ദ് വേണുഗോപാൽ, ജിബിൻ ചെമ്പോല**